**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 445** **09-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ; | (എ) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവ് ഉണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതു പോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്തുവാനും സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം. |
| (ബി) | 2021 ഏപ്രിൽ 1 ന് ശേഷം കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് എത്ര തുക ലഭിച്ചിട്ടുണ്ട്; വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന് ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ വർഷം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. |

| **കേന്ദ്ര വിഹിതം** | **2021-22** (തുക കോടിയിൽ) | **2022-23** (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കു പ്രകാരം) (തുക കോടിയിൽ) |
|---|---|---|
| കേന്ദ്ര നികുതി വിഹിതം | 17820.09 | 18260.68 |
| കേന്ദ്ര ധനസഹായം | 30017.12 | 27344.86 |
| **ആകെ** | **47837.21** | **45605.54** |

| | | | |
|---|---|---|---|
| (സി) | വായ്പകൾ സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ രീതിയിലുള്ള വായ്പകളാണെന്നും എവിടെ നിന്നാണ് എടുത്തിട്ടുള്ളതെന്നും എത്ര തുക വായ്പയായി സ്വീകരിച്ചുവെന്നും ആയതിന്റെ തിരിച്ചടവ് രീതി എപ്രകാരമാണെന്നും വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന അനുമതിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ വായ്പകൾ എടുക്കുന്നത്. പൊതു വിപണിയിൽ നിന്നുള്ള വായ്പകൾ കേന്ദ്രസഹകരണ വികസന കോർപ്പറേഷൻ, നബാർഡ്, ദേശീയ ലഘുസമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ എന്നിവ വഴിയും വിദേശ സഹായ പദ്ധതികൾ ഉൾപ്പെടെ കേന്ദ്ര സർക്കാർ മുഖേന ലഭ്യമാകുന്ന വായ്പകൾ എന്നീ മാർഗ്ഗങ്ങളിലാണ് സംസ്ഥാന സർക്കാർ വായ്പകൾ (പൊതുകടം) എടുക്കുന്നത്. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2023 ജൂൺ മാസം 30 വരെ 4153.18 കോടി രൂപയുടെ വായ്പ (പൊതുകടം തനി) എടുക്കുകയുണ്ടായി. ഓരോ വായ്പകളുടെയും തിരിച്ചടവ് രീതി വ്യത്യസ്തമാണ്. |

സെക്ഷൻ ഓഫീസർ